# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1857 — 05.10.2016-ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഓണക്കോടിയും ഓണക്കിറ്റും വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്കാണ് ഓണക്കോടിയും ഓണക്കിറ്റും വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നത്; എത്ര പണം ഇതിനായി മാറ്റി വച്ചിരുന്നു എന്നറിയിക്കുമോ; | എ) | സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് 1,53,825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 47,331 പേർക്ക് ഓണക്കോടിയും വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഓണക്കിറ്റ് വിതരണത്തിനായി 11,67,53,175 രൂപയും (പതിനൊന്ന് കോടി അറുപത്തിയേഴ് ലക്ഷത്തി അൻപത്തിമൂവായിരത്തി ഒരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) ഓണക്കോടി വിതരണത്തിനായി 1,13,59,335 രൂപയും (ഒരു കോടി പതിമൂന്ന് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഓണക്കോടി വിതരണത്തിന് അധികമായി ആവശ്യമായി വരുന്ന തുകയായ 3,61,99,275 രൂപ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി ഇരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഓണത്തോടനുബന്ധിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ഓണക്കോടി നൽകി; ഇനി എത്ര പേർക്ക് നൽകുവാനുണ്ട്; ഇതിനായി വേണ്ടിവരുന്ന തുക ഏത് ഹെഡിൽ നിന്നാണ് മാറ്റിവച്ചത് എന്നീ വിവരങ്ങൾ നല്കുമോ; . | ബി) | 60 വയസ് മുതൽ പ്രായമുള്ള അടിയ, പണിയ, മലമ്പണ്ടാരം, ഹിൽപുലയ, അരനാടൻ, പി.വി.ടി.ജി., മലയർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 14,800 പേർക്ക് ഓണക്കോടി വിതരണം ചെയ്തു. ഇനി ഓണക്കോടി നൽകുവാനുള്ള 32,026 പേർക്കുള്ള ഓണക്കോടി വിതരണം പൂർത്തിയായി വരുന്നു. ഇതിനായി വേണ്ടിവരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് (ശീർഷകം - 2075-00-800-40 – Contribution to Chief Minister's Distress Relief Fund (Non Plan)) അനുവദിക്കുന്നത്. |
| സി) | മേൽപ്പറഞ്ഞവ ഓണത്തിനു മുൻപ് വിതരണം നടത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നോ; പ്രഖ്യാപിച്ചിരുന്നതുപോലെ ബാക്കി ലഭിക്കുവാനുള്ളവർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; ബാക്കി ചെലവഴിക്കാനുള്ള തുക എത്രയെന്നും ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | സി) | സർക്കാർ ഉത്തരവ് പ്രകാരം ഓണക്കോടി അനുവദിച്ച മുഴുവൻ പേർക്കും ഓണത്തിനു മുൻപു തന്നെ ഓണക്കോടി വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് മുഴുവൻ പേർക്കും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്തവരായ 32,026 പേർക്കു കൂടി ഓണക്കോടിക്ക് അർഹതയുണ്ടെന്ന് കണ്ടെത്തിയതിനാൽ ഇതിന് വേണ്ടിവരുന്ന തുകയായ 3,61,99,275 രൂപ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി ഇരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച്, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും, പോരായ്മകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ